കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം

114 [3123] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് 2004 ജനുവരി മുതൽ നാളിതുവരെയുള്ള നഷ്ടം ഡിപ്പോ തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിനുകാരണമായി വിലയിരുത്തുന്നത് പ്രതിദിന വരുമാനത്തിലുള്ള കുറവുകൊണ്ടുമാത്രമാണോ എന്ന് വ്യക്തമാക്കുമോ;

(സി) വരുമാനത്തിൽ കുറവ് വരുന്നതിന് പ്രധാന കാരണം സർക്കാർ നടപ്പിലാക്കിയിട്ടുള്ള സൗജന്യ യാത്രകളും വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗജന്യ യാത്രകളുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്ധർ, ബധിരർ, വികലാംഗർ, മാധ്യമ പ്രവർത്തകർ, സ്വാതന്ത്ര്യ സമര സേനാനികൾ, വിദ്യാർത്ഥികൾ എന്നിവർക്കെല്ലാം കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യ യാത്രാനുകൂല്യങ്ങൾ അനുവദിക്കുന്ന ഗവൺമെന്റ് അതിലൂടെയുള്ള നഷ്ടം കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകാനുള്ള ബാദ്ധ്യത ഏറ്റെടുക്കുമോ;

(ഡി) ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവപോലെ കെ.എസ്.ആർ.ടി.സി.-യേയും ഒരു ജനക്ഷേമസർക്കാർ സംരംഭമായി പരിഗണിക്കേണ്ടതും സർക്കാർ സ്വകാര്യ വാഹന ഉടമകളിൽനിന്നും ഈടാക്കുന്നതുപോലെയുള്ള ടാക്സ്, രജിസ്ട്രേഷൻ തുടങ്ങിയവകളിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കേണ്ടതുമാണെന്നത് അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003-ലെ വാർഷിക കണക്ക് പൂർത്തിയായി വരുന്നതേയുള്ളു. കേന്ദ്രീകൃത അക്കൗണ്ടിംഗ് രീതിയാണ് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ളത്. ആയതിനാൽ ഡിപ്പോ തിരിച്ചുള്ള ലാഭ-നഷ്ട കണക്ക് സൂക്ഷിക്കാറില്ല.

(ബി) പ്രതിദിന വരുമാനത്തിലുള്ള കുറവ് മാത്രമല്ല, പ്രവർത്തന ചെലവിൽ ഉണ്ടായ വൻവർദ്ധനയും, സാമൂഹ്യ ബാദ്ധ്യതകൾ നിറവേറ്റുന്നതും നഷ്ടത്തിന് കാരണമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly